2014-15-ലെ ബഡ്ജറ്റിൽ മാറ്റി വച്ച തുക

210 (556) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനും പദ്ധതിയേതര ചെലവിനും മാറ്റിവച്ച തുക എത്ര വീതമാണ്;

(ബി) ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം നൽകിയെന്നു വ്യക്തമാക്കുമോ ;

(സി) ഓരോ വകുപ്പുകളും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി മാറ്റിവച്ച തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

ദേശീയ സമ്പാദ്യ വകുപ്പിലെ ഒഴിവുകൾ

211 (557) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ വകുപ്പിൽ അഡീഷണൽ ഡയറക്ടറുമാരുടെ എത്ര ഒഴിവുകളുണ്ട് ; എ.ഡി., ഡി.ഡി. മാരുടെ എത്ര ഒഴിവുകളുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ എന്താണ് കാരണം ; പ്രൊമോഷൻ എന്നത്തേയ്ക്ക് നടത്താനാകും എന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ ഒരു ഒഴിവാണ് നിലവിലുള്ളത്. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ 14 ഒഴിവുകളും ഡെപ്യൂട്ടി ഡയറക്ടർമാരുടെ 8 ഒഴിവുകളും നിലവിൽ ഉണ്ട്. ജില്ല തിരിച്ചുള്ള ഒഴിവുകൾ താഴെപ്പറയും പ്രകാരമാണ്:

അസിസ്റ്റന്റ് ഡയറക്ടർ	ഒഴിവുകളുടെ എണ്ണം	ഡെപ്യൂട്ടി ഡയറക്ടർ	ഒഴിവുകളുടെ എണ്ണം
തിരുവനന്തപുരം	3	തിരുവനന്തപുരം	2
കൊല്ലം	1	പത്തനംതിട്ട	1
പത്തനംതിട്ട	1	ആലപ്പുഴ	1
എറണാകുളം	2	കോട്ടയം	1
തൃശ്ശൂർ	1	എറണാകുളം	1
പാലക്കാട്	1	കോഴിക്കോട്	1
മലപ്പുറം	1	മലപ്പുറം	1
വയനാട്	1		
കോഴിക്കോട്	1		
കണ്ണൂർ	1		
കാസർഗോഡ്	1		
ആകെ	14		8

(ബി) കേരള നാഷണൽ സേവിങ്ങ്സ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2008 അനുസരിച്ച് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നത് കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയാണ്. വകുപ്പിലെ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച് വരുന്നുണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അഭാവം കാരണം പ്രൊമോഷൻ നൽകാൻ കഴിയാത്തതാണ് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം.

(സി) ഉണ്ട്. വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അഭാവമാണ് പ്രമോഷൻ നൽകുന്നതിനുള്ള തടസ്സം. ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് വേണ്ടിയുള്ള വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. വകുപ്പുതല പ്രമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കിയാൽ ഉടൻ തന്നെ പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനങ്ങൾ

212 (558) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഹിള പ്രധാൻ, എസ്.എ.എസ്. ഏജന്റുമാർ മുഖേന നടത്തി വരുന്ന നിക്ഷേപ സമാഹരണമാണ് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനം. ഇതിന് പുറമെ ഏജന്റുമാർക്ക് പ്രതിഫലം നൽകുന്നതിന്റെ ഭാഗമായി സർക്കാരിന്റെ വിവിധ വികസന ക്ഷേമ പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള ദൗത്യം കൂടി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ മുഖേന ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്.

(ബി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിലെ ജീവനക്കാരുടെ തസ്തിക തിരിച്ചും ജില്ല തിരിച്ചുമുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ തലത്തിൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല

കേരള സോപ്സ് ആന്റ് ഓയിൽസ്-ന്റെ നികുതി കിഴിവുകൾ

213 (559) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമേഖലാ സ്ഥാപനമായ കേരള സോപ്സ് ആൻഡ് ഓയിൽസ് , അതിന്റെ ഉൽപ്പന്നങ്ങൾക്ക് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതി കിഴിവുകൾ ബാധകമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly